# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1172 03.12.2015-ൽ മറുപടിയ്ക്ക്

## സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്തൽ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | അന്ധ, ബധിര വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന സ്കൂളുകൾ എയ്ഡഡ് മേഖലയിൽ നിലവിലുണ്ട്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകി സ.ഉ.(പി) 69/14. പൊ.വി.വ. തീയതി.28.04.2014 പ്രകാരം ഉത്തരവായിരുന്നു. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 50 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് കൂടി എയ്ഡഡ് പദവി നൽകുന്നതിന് തത്വത്തിൽ അനുമതി നൽകിയും ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുകൊണ്ട് വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്തിയും സ.ഉ.(എം.എസ്)116/2015/ പൊ.വി.വ. തീയതി.15.05.2015 പ്രകാരം ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഉണ്ടെങ്കിൽ എത്ര വിദ്യാലയങ്ങൾ എയ്ഡഡ് ആയി ഉയർത്തുന്നുവെന്ന് വ്യക്തമാക്കുമോ; | (ബി) | സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന എയ്ഡഡ് പദവി നൽകേണ്ട മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളമുൾപ്പെടെയുള്ള ചെലവുകൾ സർക്കാർ വഹിക്കുന്നതിനാൽ എന്തടിസ്ഥാനത്തിലാണ് എയ്ഡഡ് ആക്കുന്നതെന്ന് വ്യക്തമാക്കുമോ; | (സി) | സ.ഉ.(എം.എസ്)115/2015/പൊ.വി.വ. തീയതി.15.05.2015, സ.ഉ.(എം.എസ്)229/2015/പൊ.വി.വ. തീയതി.25.08.2015, എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് എയ്ഡഡ് പദവി ലഭിക്കുന്നതിനായുള്ള മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്പെഷ്യൽ സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിരിക്കുന്നത് |
| (ഡി) | പ്രസ്തുത സ്കൂളുകൾ എയിഡഡാക്കുന്നതിലൂടെയുള്ള കോഴ ആരോപണം ഒഴിവാക്കാൻ സ്കൂളുകൾ സർക്കാർ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള പ്രത്യേക സ്പെഷ്യൽ സ്കൂളുകൾ സർക്കാർ മേഖലയിലും എയ്ഡഡ് മേഖലയിലും പ്രവർത്തിക്കുന്നില്ലായെന്ന പോരായ്മ പരിഹരിക്കുന്നതിന്റെ ഭാഗമായാണ് സവിശേഷ ശ്രദ്ധവേണ്ടി വരുന്ന മേൽ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകികൊണ്ട് സർക്കാരിന്റെ നിയന്ത്രണം കൊണ്ടുവരുന്നതിനും ഇവർക്കായുള്ള ഭൗതിക പഠന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളത്. ടി സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ